# ഭരണഭാഷ - മാതൃഭാഷ

Office of the Principal, Govt. Engineering College,
Sreekrishnapuram

നമ്പർ. C4/2068/22/GECSKP

തീയതി: 11.03.2022

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം- 2021-22 - ഇ-ഗ്രാൻറ് അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി -സംബന്ധിച്ച്:

സൂചന :- പാലക്കാട് ജില്ലാ പട്ടിക ജാതി വികസന ഓഫീസറുടെ 06/02/2022 തീയതിയിലെ എച്ച്.264/22 പ്രകാരമുള്ള കത്ത്.

2021-22 വർഷത്തെ ഈ-ഗ്രാൻറ് അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുള്ള അവസാന തീയ്യതി 2022 മാർച്ച് 15 ആയി നിജപ്പെടുത്തി പട്ടിക ജാതി വികസന ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇ-ഗ്രാൻറ്സിന് അർഹതയുള്ള എല്ലാ വിഭാഗം വിദ്യാർഥികളും താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. 2021-22 വർഷത്തെ ഇതുവരെ സമർപ്പിച്ച ഫ്രഷ്/റിന്യൂവൽ അപേക്ഷകൾ കോളേജിൽ നിന്ന് വെരിഫിക്കേഷൻ പൂർത്തിയാക്കി അംഗീകാരത്തിനായി ഇ-ഗ്രാൻറ്സ് ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. വിദ്യാർഥികൾ സ്വന്തം ഇ-ഗ്രാൻറ് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അപ്ലിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കേണ്ടതാണ്. **pending@institution clerk** എന്ന് സ്റ്റാറ്റസ് കാണുന്നുണ്ടെങ്കിൽ സമർപ്പിച്ച അപേക്ഷയിൽ അപൂർണമായ വിവരങ്ങളോ ആവശ്യമായ രേഖകളുടെ അഭാവമോ കാരണം വെരിഫിക്കേഷൻ ചെയ്യാൻ സാധിക്കാത്ത അപേക്ഷയാണ് എന്ന് മനസ്സിലാക്കി അതാതു വിദ്യാർഥികൾ C4 സെക്ഷനിൽ സമീപിച്ച് അപാകതകൾ പരിഹരിച്ച് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. ഇതിനുള്ള അവസാന തിയ്യതി **2022 മാർച്ച്** 13 ആണ്. പ്രൊഫൈൽ വെരിഫിക്കേഷൻ പൂർത്തിയാക്കിയ വിദ്യാർഥികൾക്ക് മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ.

2. കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന ഇ-ഗ്രാൻറിന് അർഹതയുള്ള എസ.സി/എസ്.ടി/ഓ.ഈ.സി/ഓ.ബി.സിഎച്ച്) വിദ്യാർഥികൾ നിർബന്ധമായും ഇ-ഗ്രാൻറിന് അപേക്ഷിക്കേണ്ടതാണ്. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ **2022 മാർച്ച്** 13 നകം പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ച് ബന്ധപ്പെട്ട രേഖകൾ വെരിഫിക്കെഷനായി C4 സെക്ഷനിൽ എത്തിക്കേണ്ടതാണ്. നിശ്ചിത തിയ്യതിയ്ക്കകം അപേക്ഷ സമർപ്പിക്കാത്ത പക്ഷം ഇ-ഗ്രാൻറിന് അർഹത നഷ്ടപ്പെടുകയും ബന്ധപ്പെട്ട ഫീസുകൾ വിദ്യാർഥികൾ നേരിട്ട് അടയ്ക്കേണ്ടതായും വരും.

ഇ-ഗ്രാൻറ് വിതരണം സുഗമമാക്കാനും സമയബന്ധിതമാക്കാനും മേൽപ്പറഞ്ഞ കാര്യങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവികൾ, ക്ലാസ് ട്യൂട്ടർമാർ, ഹോസ്റ്റൽ വാർഡൻമാർ എന്നിവർ ആവശ്യമായ നിർദേശങ്ങൾ വിദ്യാർഥികൾക്ക് നൽകേണ്ടതാണ്. സംശയങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും C4-സെക്ഷനുമായി ബന്ധപ്പെടുക.

**ഡോ.പി. സി .രഘുരാജ് .**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. നോട്ടീസ് ബോർഡ് (2 കോപ്പി)
2. എല്ലാ വിഭാഗം വകുപ്പ് മേധാവികൾക്കും ക്ലാസ് ട്യൂട്ടർമാർക്കും
4.വെബ് അഡ്മിൻ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C4/2068/22/GECSKP Approved by Principal on 11-Mar-2022 04:08 PM - Page 1